"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ. സി2/37/2025-ഐ&പിആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-04-2025

**<u>ഇ -ടെണ്ടർ നോട്ടീസ്</u>**

സർക്കാരിന്റെ വികസനക്ഷേമനേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി പ്രതിമാസ വാടകനിരക്കിൽ എൽ ഇ ഡി ഡിജിറ്റൽ വാളുകൾ ഔട്ട്സോഴ്സ് ചെയ്യുന്നതിന് ഏജൻസികളെ എംപാനൽ ചെയ്യാൻ ഇ-ടെണ്ടർ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവുമുള്ള ഏജൻസികൾക്ക് ടെണ്ടർ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ, അറിയിപ്പുകൾ, ബോധവത്കരണം എന്നിവ സമയബന്ധിതമായി ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ താഴെ പറയും പ്രകാരമാണ്.

1. ടെണ്ടർ പൂർണമായും ഓൺലൈൻ മുഖാന്തിരമായിരിക്കും.

2. ഒരു വർഷത്തേക്കാണ് ഏജൻസികളെ എംപാനൽ ചെയ്യുന്നത്.

3. ജില്ലകളിൽ വകുപ്പ് നിർദേശിക്കുന്ന ലൊക്കേഷനുകളിൽ ഏജൻസികളുടെ എൽ ഇ ഡി ഡിജിറ്റൽ വാളുകളിൽ പ്രതിമാസ വാടക നിരക്കിലാണ് പരസ്യം പ്രദർശിപ്പിക്കേണ്ടത്. സ്പെസിഫിക്കേഷൻ അനുബന്ധമായി ചേർത്തിട്ടുണ്ട്.

4. എൽ ഇ ഡി ഡിജിറ്റൽ വാളുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി അതത് ഏജൻസികളുടെ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ്.

5. അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം ഇ-ടെണ്ടർB.O.Q-ൽ എൽ ഇ ഡി ഡിജിറ്റൽ സ്ക്രീനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രതിമാസവാടകനിരക്ക് ഒരു ചതുരശ്ര ഫീറ്റിലാണ് നിരക്ക് ക്വാട്ട് ചെയ്യേണ്ടത്. ഇതിന് പുറമെ വരുന്ന നികുതി (ജി.എസ്.റ്റി ) യഥാസ്ഥാനത്ത് എത്ര ശതമാനം എന്നതും ക്വാട്ട് ചെയ്യണം. നികുതി ശതമാനത്തിൽ ക്വാട്ട് ചെയ്യുന്നത് വിട്ടുപോകാതിരിക്കുവാൻ ഏജൻസികൾ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

6. SLOT DURATION PER DAY എത്രെയെന്ന് വ്യക്തമാക്കേണ്ടതാണ്.

7. കുറഞ്ഞ നിരക്ക് ക്വാട്ട് (L1) ചെയ്യുന്ന ഏജൻസിയുടെ നിരക്കായിരിക്കും വകുപ്പിന്റെ നിരക്കായി അംഗീകരിക്കുന്നത്. പ്രസ്തുത നിരക്കിൽ പാനലിൽ ഉൾപ്പെടുന്നതിന് സമ്മതമുള്ള ഏജൻസികളെ പാനലിൽ ഉൾപ്പെടുത്തുന്നതായിരിക്കും. തുടർന്ന് വർക്കിന്റെ നടപ്പാക്കൽ ഘട്ടത്തിൽ സമയബന്ധിതമായി നടപ്പാക്കുന്നതിന് പാനലിൽ ഉൾപ്പെടുന്ന ഏജൻസികൾക്ക് വർക്ക് വീതിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ L1 ആയി വന്നിട്ടുള്ള ഏജൻസിക്ക് മാത്രമായി വർക്ക് നൽകുന്നതിനും വകുപ്പിന് അധികാരമുണ്ടായിരിക്കുന്നതും, ഇക്കാര്യത്തിന് മുൻഗണന നൽകുന്നതുമാണ്.

8. വർക്ക് ലഭ്യമാകുന്നതും നിർവ്വഹിക്കുന്നതുമായ ഏജൻസി വകുപ്പ് നൽകുന്ന കണ്ടെന്റുകൾ എൽ ഇ ഡി ഡിജിറ്റൽ വാളുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിനായി ഒരു കേന്ദ്രീകൃത സംവിധാനത്തിന്റെ മേൽനോട്ടവും ഏജൻസി വഹിക്കേണ്ടതാണ്. ഇക്കാര്യവും കൂടി സമ്മതമുള്ള ഏജൻസികൾ മാത്രമെ ഇ-ടെണ്ടറിൽ പങ്കെടുക്കേണ്ടതുള്ളൂ.

9. വാളിന്റെ ലൊക്കേഷൻ, സാങ്കേതിക മികവ്, പ്രതിദിനം പ്രദർശിപ്പിക്കുന്ന സ്ലോട്ടുകളുടെ എണ്ണം തുടങ്ങിയ എല്ലാ ഘടകങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കും L1 ഏജൻസിയെ നിശ്ചയിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് :

ഫോൺ നമ്പർ. 0471 -2518013, 25189447, 9495521173

SUBHASH T V I A S

DIRECTOR

[illegible]

| SI.No | Description of Work / Item(s) | No.of Qty | Units | Estimated Rate |
|---|---|---|---|---|
| 1.00 | CATEGORY A-CLASS (CORPORATION AREAS) Installation of Digital Walls on monthly hire rate as per the tender notice - per sq.ft rate to be quoted (LED Video wall size- 10 X 6 - 60 Sq ft, 9 X 5.5 - 49.5 Sq.ft, 7 X 5 - 35 Sq ft , pitch real 6 mm out door (P6) , LED Package - SMD 3535, LED Life 100000Hrs, pixel composition - 1R1G1B, Pixel Density - 27777 dots/m2, scan - 1/8 scan, refresh frequency >680, Hub - Hub-16p, Visible angle 140 * H/60*V, temperature - 0-50*c, Control system - Suitable, , Cabinet type - power coated steel, Cabinet size - 768 * 768* 80 mm, Viewing distance - 6mm Media player included) | 1.00 | sq.ft | |
| 2.00 | CATEGORY B-CLASS (DISTRICT/ TALUK/ MUNICIPALITIES, HEADQUARTERS) Installation of Digital Walls on monthly hire rate as per the tender notice - per sq.ft rate to be quoted (LED Video wall size- 10 X 6 - 60 Sq ft, 9 X 5.5 - 49.5 Sq.ft, 7 X 5 - 35 Sq ft , pitch real 6 mm out door (P6) , LED Package - SMD 3535, LED Life 100000Hrs, pixel composition - 1R1G1B, Pixel Density - 27777 dots/m2, scan - 1/8 scan, refresh frequency >680, Hub - Hub-16p, Visible angle 140 * H/60*V, temperature - 0-50*c, Control system - Suitable, , Cabinet type - power coated steel, Cabinet size - 768 * 768* 80 mm, Viewing distance - 6mm Media player included) | 1.00 | sq.ft | |
| 1.01 | CATEGORY C-CLASS (AREAS OTHER THAN CATEGORY A AND B) Installation of Digital Walls on monthly hire rate as per the tender notice - per sq.ft rate to be quoted (LED Video wall size- 10 X 6 - 60 Sq ft, 9 X 5.5 - 49.5 Sq.ft, 7 X 5 - 35 Sq ft , pitch real 6 mm out door (P6) , LED Package - SMD 3535, LED Life 100000Hrs, pixel composition - 1R1G1B, Pixel Density - 27777 dots/m2, scan - 1/8 scan, refresh frequency >680, Hub - Hub-16p, Visible angle 140 * H/60*V, temperature - 0-50*c, Control system - Suitable, , Cabinet type - power coated steel, Cabinet size - 768 * 768* 80 mm, Viewing | 1.00 | sq.ft | |

| | | | | | |
|---|---|---|---|---|---|
| | distance - 6mm Media player included) | | | | |